# മനമുരുകിയ വിദ്യാർഥികൾക്ക് സാന്ത്വനമായി 'ത്രാണി'

തിരുവനന്തപുരം: 'പ്രതീക്ഷിച്ച മാർക്ക് കിട്ടിയില്ല'. കഷ്ടിച്ചു ജയിക്കുമെന്നു കണക്കുകൂട്ടിയെങ്കിലും കടന്നുകൂടാനായില്ല', 'ഇനി ആത്മഹത്യയല്ലാതെ മറ്റു മാർഗമില്ല'.... ...

പത്താംക്ലാസ് പരീക്ഷാ ഫലം പ്രതീക്ഷക്കൊത്ത് ഉയരാതെ വന്നപ്പോൾ തളർന്നു പോയ കുട്ടികളുടെ പിടിവള്ളി തേടിയുള്ള ഫോൺവിളികളിൽ മുഴങ്ങിയത് ഈ നിരാശയുടെ മണിയൊച്ചയായിരുന്നു. പക്ഷേ, എല്ലാവരോടും അനുനയത്തിൽ സംസാരിച്ച് അവരെ ആത്മവിശ്വാസത്തിന്റെ മോട്ടിവേഷൻ നൽകി ജീവിതവിജയത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ 'ത്രാണി' കൗൺസിലിങ് സെന്റർ അസൂയാവഹമായ വിജയമാണ് കൈവരിച്ചത്. മനമുരുകിയ മൂവായിരത്തോളം വിളികൾക്കാണ് ഈ കേന്ദ്രം മനംമാറ്റുന്ന വിധം മറുപടി നൽകിയത്.

എസ്. എസ്. എൽ. സി ഫലം വരുന്നതിനു രണ്ടു ദിവസം മുമ്പേ വിദ്യാർഥികളുടെ വിളി തുടങ്ങി. ' ജയിച്ചില്ലെങ്കിൽ നാണക്കേടാണ്. ആകെ പേടിയാകുന്നു'. 'ഡിസ്റ്റിങ്ഷൻ കിട്ടിയില്ലെങ്കിൽ വീട്ടിൽ വഴക്കു പറയും'.... എന്നിങ്ങനെയുള്ള വിലാപങ്ങളായിരുന്നു അന്നു മുഴങ്ങിയതെങ്കിൽ ഫലം പുറത്തുവന്നതോടെ മാർക്കു കുറഞ്ഞതിനാൽ ഉത്കണ്ഠയായിരുന്നു വിദ്യാർഥികൾക്ക്. പിന്നെ മാതാപിതാക്കളെയും വിളിച്ചു മക്കളുടെ മനോവിഷമത്തിനു പരിഹാരം തേടി.

ഡോ. എലിസബത്ത്, ഡോ. ജയശ്രീ എന്നിവരുടെ നേതൃത്വത്തിൽ ആറ് പരിശീലനം നേടിയ സോഷ്യൽവർക്കേഴ്സാണ് കൗൺസലിങ് നടത്തിയത്. വിളിക്കേണ്ട നമ്പറുകൾ പത്രങ്ങളിൽ നൽകിയിരുന്നു. പരീക്ഷാഫലത്തിൽ മനോവിഷമമനുഭവിക്കുന്ന വിദ്യാർഥികളുടെ കുടുംബാന്തരീക്ഷവും മറ്റു ചുറ്റുപാടുകളും മനസ്സിലാക്കിയുള്ള നിർദേശമാണ് 'ത്രാണി' നൽകിയത്. കൗൺസലിങ് കേന്ദ്രത്തിൽ നിന്നു പറയുന്നത് കേൾക്കാൻപോലും സമ്മതിക്കാതെ ഇങ്ങോട്ടുമാത്രം സംസാരിക്കുന്ന ഉത്കണ്ഠാകുലരായ വിദ്യാർഥികൾ നിരവധിയായിരുന്നുവെന്നു ഡോ. ജയശ്രീ പറഞ്ഞു. അവരെപ്പോലും നിരാശയിൽ നിന്നു പിന്തിരിപ്പിക്കാനും പോസിറ്റീവ് ആയി ചിന്തിപ്പിക്കാനും കഴിഞ്ഞതു കേന്ദ്രത്തിന്റെ മികച്ച സേവനമായി അവർ കരുതുന്നു.

Malayala Manorama
National Daily

May 20th, 2001